കെ 14/136263/18

കളക്ടറേറ്റ്, സിവിൽസ്റ്റേഷൻ,
കുടപ്പനക്കുന്ന്, തിരുവനന്തപുരം,
തിയതി .21.10.2021

ഡെപ്യൂട്ടി കളക്ടർ, (എൽ.എ),
തിരുവനന്തപുരം.

1) റവന്യൂ ഡിവിഷണൽ ഓഫീസർ,
   തിരുവനന്തപുരം.
2) തഹസിൽദാർ, തിരുവനന്തപുരം.
3) സെക്രട്ടറി, നഗരസഭ, തിരുവനന്തപുരം.
4) വില്ലേജ് ഓഫീസർ, പട്ടം / കവടിയാർ

സർ,

വിഷയം : പൊന്നുംവില നടപടി പട്ടം ഫ്ളൈ ഓവർ - പുനരധിവാസ പുനസ്ഥാപന പാക്കേജ് അനുവദിച്ചുത്തരവായിട്ടുള്ളത് - സംബ

സൂചന : ബഹു. ലാൻഡ് റവന്യൂ കമ്മീഷ്ണറുടെ 18.10.2021 ലെ LR/3947/2021/LR(C2) നം. നടപടിക്രമം

സൂചനയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ പട്ടം, കവടിയാർ വില്ലേജുകളിൽ നിന്നും പട്ടം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിയുടെ - പുനരധിവാസ പുനസ്ഥാപന പാക്കേജ് ( R&R Package) ബഹു. ലാൻഡ് റവന്യൂ കമ്മീഷ്ണർ സൂചന പ്രകാരം അനുവദിച്ചുത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം, LARR Act,2013 സെക്ഷൻ 18 പ്രകാരം പ്രസിദ്ധപ്പെടുത്തുന്നതിനായി നൽകുന്നു.

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി കളക്ടർ ( എൽ.എ )**
**കളക്ടറേറ്റ്, തിരുവനന്തപുരം.**

പകർപ്പ്.

1. ജില്ലാ ഇൻഫർമാറ്റിക് ഓഫീസർ, തിരുവനന്തപുരം (ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.) മലയാളം ക്യാപ്ഷൻ പൊന്നുംവില നടപടി പട്ടം ഫ്ളൈ ഓവർ നിർമ്മാണം - വിദഗ്ധ സമിതി റിപ്പോർട്ട്.
   English caption – Land acquisition Pattom Fly over – R&R package.

2. വാല്യുവേഷൻ അസിസ്റ്റന്റ്, എൽ.എ.ഫീൽഡ് വിഭാഗം,
കളക്ടറേറ്റ്, തിരുവനന്തപുരം. ( പദ്ധതി പ്രദേശത്ത് പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ടി)

I/51281/2021

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR/3974/2021-LR(C2) തീയതി:18-10-2021

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: കെ.ബിജു, ഐ.എ.എസ്.)**

വിഷയം:- ഭൂമിയേറ്റെടുക്കൽ - തിരുവനന്തപുരം ജില്ല - ലൈറ്റ് മെട്രോപദ്ധതിയുടെ ഭാഗമായി പട്ടംഫ്ലൈഓവർ -പുനരധിവാസത്തിനുംപുനസ്ഥാപനത്തിനു മുള്ള പാക്കേജ് അനുവദിച്ച് ഉത്തരവാകുന്നു -

പരാമർശം:- 1.തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/10/21 തീയതിയിലെ കെ14/ 136263/18 നം. കത്ത്.
2. 29/12/17 ലെ ജി.ഒ. (എം.എസ്.)448/2017/ആർ.ഡി. നം. സർക്കാർ ഉത്തരവ്.

ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട് ,തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ, പട്ടം മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കെ.ആർ.ടി.എൽ. അർത്ഥന നൽകിയിട്ടുള്ളതും, 30/04/2019 തീയതിയിലെ G.O(Rt) No.1054/2019/RD നം. ഉത്തരവ് പ്രകാരം ടി ഫ്ളൈഓവർ നിർമാണത്തിനായി ഭൂമിയേറ്റെടുക്കുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, ടി പദ്ധതിയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ (എൽ.എ) യെ L.A.O. ആയി നിയമിച്ചിട്ടുള്ളതുമാണ്.

ടി പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് എസ്.ഐ.എ.ഏജൻസി ആയ രാജഗിരി ഔട്ട് റീച്ച് എറണാകുളത്തിന് അനുമതി നൽകുകയും, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 4 -ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 20/03/2019 -ാം തീയതിയിലെ 752 നമ്പർ അസാധാരണ ഗസറ്റിലും (വാല്യം 8) തുടർന്നുള്ള തിരുത്തൽ വിജ്ഞാപനം 16/12/2019 തീയതിയിലെ 3102 നമ്പർ അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/10/2019 ലെ കെ-14/136263/18 നമ്പർ നടപടിക്രമം പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തൽ നടത്തുന്നതിലേയ്ക്കായി വിദഗ്ധ ഗ്രൂപ്പിന് രൂപം നൽകിയിട്ടുള്ളതും, വിദഗ്ധ ഗ്രൂപ്പിന്റെ വിലയിരുത്തൽ റിപ്പോർട്ട് പരിശോധിച്ച് പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് സമുചിത സർക്കാർ 18/03/2020 ലെ കെ14/136263/18 നമ്പർ നടപടിക്രമ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ് . തുടർന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചട്ടം 18 (1) വ്യവസ്ഥകൾ പ്രകാരം 11 -ാം വകുപ്പ് ഒന്നാം ഉപവകുപ്പ് അനുസരിച്ചുള്ള വിജ്ഞാപനം 10/02/2021 തീയതിയിലെ 641 നമ്പർ (വാല്യം 10 )അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 12.02.2021 തീയതിയിലെ ദീപിക,, കേരള കൗമുദി എന്നീ പ്രാദേശിക ദിനപത്രത്തിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് .

പ്രസ്തുത പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതു കാരണം സ്ഥലത്തുനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും മറ്റ് ബാധിക്കപ്പെട്ട കുടുംബങ്ങൾക്കും, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള അവകാശനിയമത്തിലെ പട്ടിക (2)-ലെ വ്യവസ്ഥകളുടെയും 29.12.2017-ലെ റവന്യൂ (ബി) വകുപ്പിന്റെ സർക്കാർ ഉത്തരവ് ജിഒ (എം.എസ്.) 448/2017/ആർ.ഡി. നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, ടി പദ്ധതി ബാധിതർക്ക് അനുവദനീയമായ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പദ്ധതിയുടെ കരട് 18.08.2021-ലെ കെ14-349174/2021 നമ്പർ പ്രകാരം പ്രസിദ്ധപ്പെടുത്തുകയും, ഫാറം 9 പ്രകാരമുള്ള നോട്ടീസ് 18.08.2021-ലെ കെ14/349174/21 നമ്പർ പ്രകാരം പരസ്യപ്പെടുത്തുകയും ചെയ്തു. കരട് പുനരധിവാസ പുന: സ്ഥാപന പാക്കേജ്, ഫാറം 9 പ്രകാരമുള്ള നോട്ടീസ് എന്നിവ നിയമാനുസൃതം നിശ്ചിത സ്ഥലങ്ങളിലും 19.08.2021-ലെ കേരള കൗമുദി പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിനായി ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, സെക്ഷൻ 44, 11.11.2015-ലെ ജി.ഒ.(പി) 589/2015/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിലെ ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി പട്ടം ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാ പനത്തിനുമുള്ള അവകാശ നിയമം 2013, 29.12.2017-ലെ ജി.ഒ. (എം.എസ്.) 448/2017/ ആർ.ഡി. നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ 11,06,000/- (പതിനൊന്ന് ലക്ഷത്തി ആറായിരം) രൂപയുടെ പുനരധിവാസ പാക്കേജ് ചുവടെ ചേർക്കുന്ന പ്രകാരം ജില്ലാ കളക്ടർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പാക്കേജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജി.ഒ.(എം.എസ്.) 448/2017/ആർ.ഡി. നം. ഉത്തരവ് പ്രകാരം അനുവദനീയമായ ഘടകങ്ങൾ | അനുവദനീയമായ തുക |
|---|---|---|---|
| 1. | ബീന | 8 | 50000 |
| 2. | വിജയൻ.പി. | 12 | 36000 |
| 3. | സ്വപ്ന മറിയ ഗോമസ് | 1,5,6,10 | 460000 |
| 4. | സന്തോഷ് | 8 | 50000 |
| 5. | ഡോറിസ് ഡേവിഡ് | 1,5,6,10 | 460000 |
| 6. | മൈക്കിൾ ഡേവിഡ് | 8 | 50000 |
| | ആകെ | | 11,06,000 |

(പതിനൊന്ന് ലക്ഷത്തി ആറായിരം രൂപ)